(സി) താൽക്കാലിക വാച്ചർമാർക്ക് ഒരു മാസം മുഴുവൻ ജോലി ചെയ്താലും മാസത്തിൽ നാല് മുതൽ പത്ത് ദിവസം വരെയുള്ള മസ്റ്റർറോൾ മാത്രം അനുവദിക്കുന്നത് ശ്രദ്ധയിലുണ്ടോ; ഇതിനുള്ള കാരണം വിശദമാക്കാമോ; ഇതെങ്ങനെ പരിഹരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) താൽക്കാലിക വാച്ചർമാർക്ക് മാസത്തിൽ ഇരുപത്തിയഞ്ച് മസ്റ്റർറോൾ അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ പഠിക്കുന്നതിന് വിദഗ്ധ സംഘത്തെ നിയോഗിക്കുമോ?

ഫണ്ടിന്റെ ലഭ്യതയും വാച്ചർമാരുടെ ആവശ്യകതയുമനുസരിച്ചാണ് താൽക്കാലിക വാച്ചർമാരെ ജോലിക്ക് നിയോഗിച്ചുവരുന്നത്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വന്തം ഭൂമിയിലെ മരം മുറിക്കാൻ അനുമതി

131 (3837) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്നതും കൈവശാവകാശമുള്ളതുമായ ഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവർ നട്ടുവളർത്തിയതോ അല്ലാത്തതോ ആയ പ്ലാവ്, ആഞ്ഞിലി, ഈട്ടി എന്നീ മരങ്ങൾ സ്വന്തം ആവശ്യത്തിനായി മുറിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; നേരത്തേ പുറപ്പെടുവിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

&

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സെറ്റിൽമെന്റ് പ്രദേശത്തുനിന്നും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവർ നട്ടുവളർത്തിയ ആഞ്ഞിലി, പ്ലാവ് എന്നീ മരങ്ങൾ മുറിക്കുന്നതിന് 27-5-2019.-ലെ സ.ഉ. (കൈ) നം. 13/2019/വനം ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന് വിധേയമായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 24-3-2020-ന് സർക്കുലർ 01/2020 പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly